


# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2022 ജനുവരി 16


ദനഹാ മൂന്നാം ഞായർ



# ഈശോയ്ക്ക് ഇഷ്ടമുള്ളവർ

നിയ 31:1- 8; ഏശ 41:8-16; ഫിലി 3:4-16; മർക്കോ 3:7-19

ഇന്നത്തെ സുവിശേഷഭാഗത്തിൽ നമ്മൾ കാണുന്നത് ഈശോ ശിഷ്യരെ തിരഞ്ഞെടുക്കുന്നതാണ്. 'തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേയ്ക്കു വിളിച്ചു' എന്നാണ് എഴുത്ത്. എന്തൊരു ഭംഗിയാണ് ആ വാക്കുകൾക്ക്! എന്താണ് ഈശോയ്ക്ക് അവരോട് ഇഷ്ടം തോന്നാൻ കാരണം? അക്കാലത്ത് അവിടുന്ന് അദ്ഭുതങ്ങൾ പ്രവർത്തിച്ചു തുടങ്ങിയതിനാൽ അത്യാവശ്യം ഫാൻബേസ് ഉള്ള സമയമാണ്. അങ്ങനെയൊരു ആൾക്കൂട്ടത്തിൽ നിന്നും ഈ പന്ത്രണ്ടു മനുഷ്യരെ ഈശോ ഇഷ്ടപ്പെട്ട് തെരഞ്ഞെടുക്കാൻ കാരണം എന്തായിരിക്കും?

ഈ ശിഷ്യരെ നമ്മൾ വീണ്ടും പരിശോധിച്ചാൽ ഒരു കാര്യം മനസിലാകും. അത്ഭുതങ്ങൾക്ക് മീതെ ഈശോയെ മനസിലാക്കാൻ ശ്രമിച്ചവരാണിവർ. മീൻ കൊണ്ടു വള്ളം നിറയുമ്പോൾ പത്രോസിന്റെ മനസ്സിൽ ചന്തയിലെ വൻ ലാഭമല്ല നുരയുന്നത്, പകരം പശ്ചാത്താപമാണ്. മീൻവലയും, സർക്കാർ ജോലിയും, പൊളിറ്റിക്കൽ സ്റ്റാറ്റസും എല്ലാം പൂർണനായ ഗുരുവിനു മുന്നിൽ കുറച്ചു മനുഷ്യർ വേണ്ടെന്ന് വയ്ക്കുകയാണ്. ഈശോയിൽ നിന്നും അവർ അവർക്കുവേണ്ടി അദ്ഭുതങ്ങൾ പ്രതീക്ഷിക്കുന്നുമില്ല. പത്രോസിന്റെ അമ്മായിഅമ്മയുടെ പനി സുഖപ്പെടുത്തുന്നതു മാത്രമാണ് ഇതിന് രസകരമായ ഒരപവാദം!

സെൻ കഥയിലെപ്പോലെ, ചന്ദ്രനെ ചൂണ്ടിക്കാണിക്കുമ്പോൾ നമ്മളെല്ലാം കാണുന്നത് ചൂണ്ടുവിരലാണ്. ചിലർ മാത്രം ആ ദിശയിലേയ്ക്ക് നോക്കാൻ ധൈര്യപ്പെടുകയും ചന്ദ്രനെ




മാത്യു മോസസ്



ദർശിക്കുകയും ചെയ്യുന്നു. ക്രിസ്തു ചെയ്ത അദ്ഭുതങ്ങളെല്ലാം നമ്മുടെ ശ്രദ്ധ ക്ഷണിക്കാനുള്ള ചൂണ്ടുവിരൽ മാത്രമാണെന്ന് നാമെന്നാണറിഞ്ഞത്?

ഈശോ വിളിക്കും. അപ്പോൾ നമുക്കറിയാനും പറ്റും. 'ഹോ!' എന്ന ആത്മാവിന്റെ നെടുവീർപ്പോടെ നമ്മെ അവിടുന്ന് കാണുന്നുണ്ടായിരുന്നല്ലോ എന്ന അറിവിന്റെ തേജസിൽ മുങ്ങി പത്രോസിനെപ്പോലെ അവിടുത്തെ മുന്നിൽ മുട്ടുകുത്താനേ നമുക്കാവൂ.

പിന്നീട് വഴികൾ മറ്റൊന്നാവുകയാണ്. കാറ്റാണ് നയിക്കുന്നത്. ആർക്കും എടുത്തുകളയാനാവാത്ത ക്രിസ്തു സാന്നിധ്യം. ജീവന്റെ ഉറവപോലെ പോകുന്നിടത്തെല്ലാം സദ് വാർത്തയുടെ ചാലുവെട്ടൽ. കളങ്കമില്ലാത്ത കുഞ്ഞാടിന്റെ നാമത്തിൽ പിരിച്ചുവിടപ്പെടുന്ന തിന്മയുടെ കൂട്ടുകെട്ടുകൾ!

## മാഞ്ഞുപോകുന്ന മേലങ്കികൾ

ഈശോയാൽ ഇഷ്ടപ്പെടുന്നവരെ കണ്ടാലറിയാം. അവർ പ്രണയിക്കപ്പെടുന്നവരെപ്പോലെ യാണ്. അവർക്ക് പേരോ പരിചയപ്പെടുത്താലോ ആവശ്യ മില്ല. അവർക്ക് പാരമ്പര്യമോ തലക്കെട്ടുകളോ പ്രിവിലേജു കളോ ഇല്ല.

ഇന്നത്തെ ലേഖനത്തിൽ, പൗലോസ് തന്റെ വംശവും, ഗോത്രമഹിമയും, തീക്ഷ്ണത നിറഞ്ഞ മിഷനും, നിയമപാലനത്താൽ കലർപ്പില്ലാത്ത തന്റെ നീതീകരിക്കപ്പെട്ട ജീവിതം പോലും ക്രിസ്തു അയാളുടെ ജീവിതം മാറ്റിമറിച്ച ശേഷം വെറും നഷ്ടമായി കണ്ട് ഉപേക്ഷിക്കുകയാണ്.

ക്രിസ്തുവാണ് നമ്മുടെ ഹൃദയത്തിലെ ആ വിടവ് നികത്തുന്നത്. ക്രിസ്തു അവിടെ ഇല്ലെങ്കിൽ പാരമ്പര്യവും, കുടുംബമഹിമയും, ഡിഗ്രികളും, ഡോക്ടറേറ്റുകളും, സഭാ സ്നേഹവും, പണവും കൊണ്ട് പാവം മനുഷ്യർ ആ വിടവ് അടയ്ക്കാൻ ശ്രമിക്കുകയും പരാജിതരാവുകയും ചെയ്യും.

ക്രിസ്തുവിനാൽ പ്രകാശിതമായ ജീവിതങ്ങളിൽ മറ്റെല്ലാം അവയവയുടെ സ്ഥാനങ്ങളിൽ ദൈവമഹത്വം ഉദ്ഘോഷിച്ചുകൊണ്ട് നിലകൊള്ളുന്നു.

ഈശോയുടെ ആദ്യ ശിഷ്യരെ പ്പോലെ അദ്ഭുതങ്ങൾക്കായിട്ട ല്ലാതെ ഈശോയെ അന്വേഷിക്കാം. നമ്മുടെ ഹൃദയത്തിന്റെ പ്രകാശ മായി അവിടുത്തെ ആഗ്രഹിക്കാം. ഹൃദയത്തിലെ ആ വിടവ് അത്യാ വശ്യമാണ്. റൂമി പാടുന്നപോലെ നിങ്ങളുടെ മുറിവിന്റെ വിടവിലൂ ടെയാണ് പ്രകാശം ഉള്ളിലേയ്ക്ക് കയറുന്നത്. ക്രിസ്തുവാകുന്ന പ്രകാശം അതേ വിടവിലൂടെ ഇരുളിനെ കീറിമുറിച്ചു വഴിഞ്ഞൊഴുകട്ടെ, ഈശോ യാൽ ഇഷ്ടപ്പെട്ട എന്റെ പ്രിയപ്പെട്ടവരേ!

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com